©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

## ഇരുപത്തിയെട്ടാമത് റിപ്പോർട്ട്

(2024 ഫെബ്രുവരി 14-ാം തീയതി സമർപ്പിച്ചത്)

**1951-ലെ 'ദി പേയ്മെന്റ് ഓഫ് സാലറീസ് ആൻഡ് അലവൻസസ് ആക്ട് ', 1976-ലെ 'ദി കേരള പേയ്മെന്റ് ഓഫ് പെൻഷൻ ടു മെമ്പേഴ്സ് ഓഫ് ലെജിസ്ലേച്ചർ ആക്ട് ' എന്നിവയ്ക്ക് കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ (എസ്.ആർ.ഒ.നം. 952/2022, 956/2022) സൂക്ഷ്മപരിശോധന സംബന്ധിച്ചത്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

## ഇരുപത്തിയെട്ടാമത് റിപ്പോർട്ട്

(2024 ഫെബ്രുവരി 14-ാം തീയതി സമർപ്പിച്ചത്)

1951-ലെ 'ദി പേയ്മെന്റ് ഓഫ് സാലറീസ് ആൻഡ് അലവൻസസ് ആക്റ്റ്', 1976-ലെ 'ദി കേരള പേയ്മെന്റ് ഓഫ് പെൻഷൻ ടു മെമ്പേഴ്സ് ഓഫ് ലെജിസ്ലേച്ചർ ആക്റ്റ്' എന്നിവയ്ക്ക് കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ (എസ്.ആർ.ഒ.നം. 952/2022, 956/2022) സൂക്ഷ്മപരിശോധന സംബന്ധിച്ചത്

265/2024.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം 1 (എസ്.ആർ.ഒ.നമ്പർ 461/2013) | .. | 6 |
| അനുബന്ധം 2 (എസ്.ആർ.ഒ.നമ്പർ 91/2014) | .. | 8 |
| അനുബന്ധം 3 (എസ്.ആർ.ഒ.നമ്പർ 60/2017) | .. | 10 |
| അനുബന്ധം 4 (എസ്.ആർ.ഒ.നമ്പർ 952/2022) | .. | 12 |
| അനുബന്ധം 5 (എസ്.ആർ.ഒ.നമ്പർ 92/2014) | .. | 14 |
| അനുബന്ധം 6 (എസ്.ആർ.ഒ.നമ്പർ 111/2017) | .. | 16 |
| അനുബന്ധം 7 (2018-ലെ ആക്റ്റ് ഭേദഗതി) | .. | 18 |
| അനുബന്ധം 8 (എസ്.ആർ.ഒ.നമ്പർ 956/2022) | .. | 21 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

**ഘടന**

ചെയർമാൻ :

ശ്രീ. എം. എം. മണി, എം. എൽ. എ.

അംഗങ്ങൾ :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം. എൽ. എ.

ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.

ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.

ശ്രീ. എം. മുകേഷ്, എം. എൽ. എ.

ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ.

ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.

ശ്രീ. സജീവ് ജോസഫ്, എം. എൽ. എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി.ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർമാനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

1951-ലെ 'ദി പേയ്മെന്റ് ഓഫ് സാലറീസ് ആൻഡ് അലവൻസസ് ആക്റ്റ് ' (1951-ലെ 14-ാം ആക്റ്റ്), 1976-ലെ 'ദി കേരള പേയ്മെന്റ് ഓഫ് പെൻഷൻ ടു മെമ്പേഴ്സ് ഓഫ് ലെജിസ്ലേച്ചർ ആക്റ്റ് (1976-ലെ 46-ാം ആക്റ്റ്) എന്നിവയ്ക്ക് കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കൾ (എസ്.ആർ.ഒ.നം. 952/2022, 956/2022), 21-9-2023-ലെ യോഗത്തിൽ സമിതി സൂക്ഷ്മപരിശോധന നടത്തുകയും പാർലമെന്ററികാര്യം, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

ഈ വിഷയത്തിൽ സമിതി നടത്തിയ ചർച്ചകളുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ, ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2024 ഫെബ്രുവരി 12-ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. എം. മണി,**
ചെയർമാൻ,
*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,
2024 ഫെബ്രുവരി 14.

## റിപ്പോർട്ട്

**[1951-ലെ 'ദി പേയ്മെന്റ് ഓഫ് സാലറീസ് ആൻഡ് അലവൻസസ് ആക്റ്റ് ', 1976-ലെ 'ദി കേരള പേയ്മെന്റ് ഓഫ് പെൻഷൻ ടു മെമ്പേഴ്സ് ഓഫ് ലെജിസ്ലേച്ചർ ആക്റ്റ് ' എന്നിവയ്ക്ക് കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ പരിശോധന സംബന്ധിച്ച്.]**

കേരള നിയമസഭയിലെ മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മറ്റ് എം.എൽ.എ.-മാർ എന്നിവരുടെ ശമ്പളവും അലവൻസുകളും മറ്റാനുകൂല്യങ്ങളും നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിൽ വന്നതാണ് 1951-ലെ 'ദി പേയ്മെന്റ് ഓഫ് സാലറീസ് ആൻഡ് അലവൻസസ് ആക്റ്റ് (1951-ലെ 14-ാം ആക്റ്റ്). പ്രസ്തുത ആക്റ്റിലെ 9A വകുപ്പ് ചുവടെ ചേർക്കുന്നു .

" 9A. *Free Transit Coupons for Members of the Legislative Assembly.*—(1) Subject to such rules as may be made in this behalf, every member of the Legislative Assembly, other than the Speaker, the Deputy Speaker, the Leader of Opposition, the Chief Whip and the Ministers shall, at the option of such member, be provided with all or any of the folllowing free transit coupons of aggregate value of two lakh rupees for a period of twelve calender months, namely:—

(i) rail travel coupons for travel by such member by rail; and

(ii) fuel coupons for the purchase of fuel for the travel of such member in a private vehicle :

Provided that it shall be lawful for the Government to enhance, by order, from time to time, the aforesaid amount of free transit coupons considering the periodical increase in rail charges or hike in the price of petrol/diesel.

(2) Subject to such rules as may be made in this behalf every member shall be entitled to utilise such rail travel coupons for the travel by such member and his or her spouse and one companion by any class by any railway in India."

2. ആക്റ്റിലെ 9A വകുപ്പ് പ്രകാരം നിയമസഭാംഗങ്ങൾക്കുള്ള സൗജന്യ യാത്രാ കൂപ്പണുകളുടെ തുക പന്ത്രണ്ട് കലണ്ടർ മാസത്തേക്ക് രണ്ട് ലക്ഷം രൂപയായി നിശ്ചയിച്ചിരുന്നു. എസ്.ആർ.ഒ. നമ്പർ 461/2013 (അനുബന്ധം 1) പ്രകാരം ടി തുക രണ്ട് ലക്ഷത്തി ഇരുപത്തയ്യായിരം രൂപയായും എസ്.ആർ.ഒ. നമ്പർ 91/2014 (അനുബന്ധം 2) പ്രകാരം രണ്ട് ലക്ഷത്തി എഴുപത്തയ്യായിരം രൂപയായും എസ്.ആർ.ഒ. നമ്പർ 60/2017 (അനുബന്ധം 3) പ്രകാരം മൂന്ന് ലക്ഷം രൂപയായും വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത തുക മൂന്ന് ലക്ഷം രൂപയിൽ നിന്നും

നാല് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് 1-10-2022-ലെ സ.ഉ.(പി.)നം.3/2022/ പി.എ.ഡി. പ്രകാരം 6-10-2022-ലെ ഗസറ്റിൽ വിജ്ഞാപനം ചെയ്തതാണ് **എസ്.ആർ.ഒ. നമ്പർ 952/2022** (അനുബന്ധം 4).

3. മുൻ എം.എൽ.എ.-മാർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിൽ വന്നതാണ് 1976-ലെ 'ദി കേരള പേയ്മെന്റ് ഓഫ് പെൻഷൻ ടു മെമ്പേഴ്സ് ഓഫ് ലെജിസ്ലേച്ചർ ആക്റ്റ് ' (1976-ലെ 46-ാം ആക്റ്റ്). പ്രസ്തുത ആക്റ്റിലെ 2B വകുപ്പ് ചുവടെ ചേർക്കുന്നു .

"2B. *Free Transit Coupons for ex-members of the Legislative Assembly.*—(1) Subject to such rules as may be made in this behalf, any person, who has served as a member referred to in clause (i) or clause (ii) or clause (iii) of the sub-section (1) of section 2 shall, at the option of such ex-member, be provided with all or any of the folllowing free transit coupons of an aggregate value of twenty four thousand rupees for a period of twelve calender months, namely:—

(i) rail travel coupons for travel by such ex-member by rail ; and

(ii) fuel coupons for the purchase of fuel for the travel of such ex-member in a private vehicle:

Provided that it shall be lawful for the Government to enhance, by order, from time to time, the aforesaid amount of free transit coupons proportionate to the periodical increase in rail charges made by the Central Government.

(2) Subject to such rules as may be made in this behalf every ex-member shall be entitled to utilise such rail travel coupons for the travel by such ex-member and his or her spouse and one companion in any class by any railway in India."

4. ആക്റ്റിലെ 2B വകുപ്പ് പ്രകാരം മുൻ എം.എൽ.എ.-മാർക്ക് അനുവദിച്ചിരുന്ന സൗജന്യ യാത്രാ കൂപ്പണുകളുടെ തുക പന്ത്രണ്ട് കലണ്ടർ മാസത്തേക്ക് ഇരുപത്തി നാലായിരം രൂപയായി നിശ്ചയിച്ചിരുന്നു. എസ്.ആർ.ഒ. നമ്പർ 92/2014 (അനുബന്ധം 5) പ്രകാരം ടി തുക അൻപതിനായിരം രൂപയായും എസ്.ആർ.ഒ. നമ്പർ 111/2017 (അനുബന്ധം 6) പ്രകാരം അറുപതിനായിരം രൂപയായും 2018-ലെ ആക്റ്റിലെ ഭേദഗതി (അനുബന്ധം 7) പ്രകാരം എഴുപത്തയ്യായിരം രൂപയായും വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത തുക എഴുപത്തയ്യായിരത്തിൽ നിന്നും ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് 1-10-2022-ലെ സ.ഉ.(പി.)നം.4/2022/പി.എ.ഡി. പ്രകാരം 6-10-2022-ലെ ഗസറ്റിൽ വിജ്ഞാപനം ചെയ്തതാണ് **എസ്.ആർ.ഒ.നമ്പർ 956/2022** (അനുബന്ധം 8).

5. മേൽ പരാമർശിച്ച ആക്ടുകളിന്മേൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കൾ സമിതി സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും ആക്ടിലും മുൻ ചട്ടങ്ങളിലും പരാമർശിക്കാത്ത പുതിയ വ്യവസ്ഥകൾ **എസ്.ആർ.ഒ. നമ്പർ 952/2022, 956/2022** എന്നിവയിൽ കടന്ന് കൂടിയത് സംബന്ധിച്ച് പാർലമെന്ററികാര്യം, നിയമം എന്നീ വകുപ്പ് ഉദ്യോഗസ്ഥരുമായി, 2023 സെപ്റ്റംബർ 21-ാം തീയതി ചർച്ച നടത്തുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

**എസ്.ആർ.ഒ. നമ്പർ 952/2022**

6. പ്രസ്തുത എസ്.ആർ.ഒ. പ്രകാരം മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർ ഒഴികെയുള്ള നിയമസഭാംഗങ്ങൾക്ക് അനുവദിച്ചിരുന്ന സൗജന്യയാത്രാ കൂപ്പണുകളുടെ തുക മൂന്ന് ലക്ഷത്തിൽ നിന്നും നാല് ലക്ഷമാക്കി പന്ത്രണ്ട് മാസത്തേക്ക് സർക്കാർ വർദ്ധിപ്പിച്ചിരുന്നു. അതോടൊപ്പം TA/DA-യ്ക്ക് അർഹതയുള്ള യാത്രകൾക്ക് നിയമസഭാംഗങ്ങൾക്ക് സൗജന്യയാത്രാ കൂപ്പൺ ഉപയോഗിക്കുവാൻ അനുവാദമില്ലെന്ന നിബന്ധനകൂടി പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനത്തിൽ കൂട്ടിച്ചേർത്തതായി സമിതി മനസ്സിലാക്കുന്നു. ആക്ടിലെ 9A വകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ, റെയിൽവെ യാത്രാചാർജ്ജ്, പെട്രോൾ/ഡീസൽ വില എന്നിവയിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന വർദ്ധനവിനനുസരിച്ച് നിയമസഭാംഗങ്ങൾക്കുള്ള സൗജന്യ യാത്രാകൂപ്പണുകളുടെ തുകയിൽ സംസ്ഥാന സർക്കാരിന് ഉത്തരവ് പ്രകാരം വർദ്ധനവ് വരുത്താവുന്നതാണെന്ന് മാത്രമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കൂടാതെ, നിയമസഭാംഗങ്ങളുടെ സൗജന്യയാത്രാ കൂപ്പൺ തുകയിൽ വർദ്ധനവ് വരുത്തിക്കൊണ്ടുള്ള മുൻ എസ്.ആർ.ഒ.-കളിൽ മേൽപ്പറഞ്ഞ നിബന്ധനയില്ലായിരുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. ആക്ടിലും മുൻചട്ടങ്ങളിലുമില്ലാത്ത മേൽ നിബന്ധന വിജ്ഞാപനത്തിൽ കൂട്ടിച്ചേർത്തത് ഏത് സാഹചര്യത്തിലാണെന്നും ആയതിന് നിയമസാധുത ഉണ്ടോയെന്നും സമിതി പരിശോധിച്ചിരുന്നു. 1972-ൽ പ്രസ്തുത ആക്ടിൽ വരുത്തിയ ഭേദഗതിയിലൂടെ "9A.Free transit by railway.-" എന്ന പുതിയ വകുപ്പ് കൂടി ഉൾപ്പെടുത്തുകയും ആയതിന്റെ 9A(3)-ൽ സാമാജികർ, സൗജന്യ റെയിൽവേ പാസ്സ് ഉപയോഗിച്ച് നടത്തുന്ന യാത്രകൾക്ക് മറ്റ് യാത്രാബത്തക്കോ ദിനബത്തക്കോ അർഹരായിരിക്കുന്നതല്ലായെന്ന നിബന്ധന കൂടി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 2003-ലെ ആക്ട് ഭേദഗതിയിലൂടെ വകുപ്പ് 9A(3) ഒഴിവാക്കിയിരുന്നു. ഇത്തരത്തിൽ നിയമസഭാംഗങ്ങളുടെ സൗജന്യയാത്രാകൂപ്പണുകളുമായി ബന്ധപ്പെട്ട് സഭ തന്നെ ഒഴിവാക്കിയിരുന്ന ഒരു നിയന്ത്രണം ആക്ട് ഭേദഗതിയിലൂടെ കൊണ്ടുവരുന്നതിനുപകരം ഒരു വിജ്ഞാപനമായി പുറപ്പെടുവിച്ചത് ആശാസ്യമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. TA/DA-യ്ക്ക് അർഹതയുള്ള യാത്രകൾക്ക് നിയമസഭാംഗങ്ങൾക്ക് സൗജന്യയാത്രാ കൂപ്പൺ ഉപയോഗിക്കുവാൻ അനുവാദമില്ലെന്ന എസ്.ആർ.ഒ-യിലെ നിബന്ധന ആക്ടിൽ വ്യവസ്ഥ ചെയ്യാത്തതിനാൽ ആയതിന് നിയമസാധുതയില്ലെന്ന് സമിതി വിലയിരുത്തുന്നു.

7. മേൽ സാഹചര്യത്തിൽ, " Members of the Legislative Assembly are not allowed to utilise free transit coupons as regards journeys for which they are eligible to receive TA/DA." എന്നീ വാക്കുകൾ പ്രസ്തുത എസ്.ആർ.ഒ.-യിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അടിയന്തരമായി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**എസ്.ആർ.ഒ. നമ്പർ 956/2022.**

8. പ്രസ്തുത എസ്.ആർ.ഒ. പ്രകാരം മുൻ എം.എൽ.എ.-മാർക്ക് അനുവദിച്ചിരുന്ന സൗജന്യ യാത്രാ കൂപ്പണുകളുടെ തുക എഴുപത്തയ്യായിരത്തിൽ നിന്നും ഒരു ലക്ഷമാക്കി പന്ത്രണ്ട് മാസത്തേക്ക് സർക്കാർ വർദ്ധിപ്പിച്ചിരുന്നു. അതോടൊപ്പം TA/DA-യ്ക്ക് അർഹതയുള്ള യാത്രയിൽ ടി സൗജന്യയാത്രാ കൂപ്പൺ മുൻ എം.എൽ.എ.-മാർ ഉപയോഗിക്കുവാൻ പാടില്ലായെന്നും TA/DA ലഭിക്കാൻ അർഹതയുള്ള സ്ഥാനങ്ങൾ വഹിക്കുന്ന മുൻ എം.എൽ.എ.-മാർക്ക് സൗജന്യയാത്രാ കൂപ്പണുകൾ ലഭിക്കാൻ അർഹതയില്ലായെന്നുമുള്ള നിബന്ധനകൾ കൂടി പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനത്തിൽ കൂട്ടിച്ചേർത്തതായി കാണുന്നു. ആക്റ്റിലെ 2B വകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ, റെയിൽവേ യാത്രാക്കൂലിയിൽ ഉണ്ടാകുന്ന വർദ്ധനവിനനുസരിച്ച് മുൻ എം.എൽ.എ-മാർക്കുള്ള സൗജന്യ യാത്രാ കൂപ്പണുകളുടെ തുകയിൽ സംസ്ഥാന സർക്കാരിന് ഉത്തരവ് പ്രകാരം വർദ്ധനവ് വരുത്താവുന്നതാണെന്ന് മാത്രമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കൂടാതെ, മുൻ എം.എൽ.എ.-മാരുടെ സൗജന്യയാത്രാ കൂപ്പൺ തുകയിൽ വർദ്ധനവ് വരുത്തിക്കൊണ്ടുള്ള മുൻ എസ്.ആർ.ഒ.-കളിൽ മേൽപ്പറഞ്ഞ നിബന്ധനകൾ ഇല്ലായിരുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. ആക്റ്റിലും മുൻചട്ടങ്ങളിലുമില്ലാത്ത മേൽ നിബന്ധനകൾ വിജ്ഞാപനത്തിൽ കൂട്ടിച്ചേർത്തത് ഏത് സാഹചര്യത്തിലാണെന്നും ആയതിന് നിയമസാധുത ഉണ്ടോയെന്നും സമിതി പരിശോധിച്ചിരുന്നു. TA/DA-യ്ക്ക് അർഹതയുള്ള യാത്രയിൽ ടി സൗജന്യയാത്രാ കൂപ്പൺ ഉപയോഗിക്കുവാൻ പാടില്ലായെന്നും TA/DA ലഭിക്കാൻ അർഹതയുള്ള സ്ഥാനങ്ങൾ വഹിക്കുന്ന മുൻ എം.എൽ.എ.-മാർക്ക് സൗജന്യയാത്രാ കൂപ്പണുകൾ ലഭിക്കാൻ അർഹതയില്ലായെന്നുമുള്ള എസ്.ആർ.ഒ-യിലെ നിബന്ധനകൾ ആക്റ്റിൽ വ്യവസ്ഥ ചെയ്യാത്തതിനാൽ ആയതിന് നിയമസാധുതയില്ലെന്ന് സമിതി വിലയിരുത്തുന്നു.

9. മേൽ സാഹചര്യത്തിൽ, " Ex-members of the Legislative Assembly are not allowed to utilise free transit coupons as regards journeys for which they are eligible to receive TA/DA. Also Ex-members of the Legislative Assembly holding positions where they are eligible to receive TA/DA shall not be entitled to avail free transit coupons." എന്നീ വാക്കുകൾ പ്രസ്തുത എസ്.ആർ.ഒ.-യിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അടിയന്തരമായി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. ആക്റ്റിൽ വിനിർദേശിച്ച പ്രകാരം ചട്ടങ്ങളും വിജ്ഞാപനങ്ങളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുമ്പോൾ ആക്റ്റിൽ പ്രതിപാദിക്കാത്തതും ചട്ടങ്ങൾ ഉണ്ടാക്കാൻ അധികാരപ്പെടുത്താത്തതുമായ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനങ്ങളിൽ കടന്നുകൂടുന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി സമിതി കരുതുന്നു. ആക്റ്റിൽ വ്യവസ്ഥ ചെയ്യാത്ത കാര്യങ്ങൾ ചട്ടങ്ങളിൽ കൊണ്ടുവരുന്ന നടപടി ഭാവിയിൽ ആവർത്തിക്കരുതെന്നും നിയമസാധുതയില്ലാത്ത വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകാതിരിക്കാൻ നിയമ വകുപ്പ് പ്രത്യേകം ശ്രദ്ധപുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

11. എസ്.ആർ.ഒ.-കളുടെ സൂക്ഷ്മപരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതി എത്തിച്ചേർന്ന നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള ശിപാർശകളിന്മേൽ സർക്കാർ എത്രയും വേഗം നടപടി സ്വീകരിക്കുമെന്ന് സമിതി പ്രതീക്ഷിക്കുന്നു.

**എം. എം. മണി,**
ചെയർമാൻ,
*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,
2024 ഫെബ്രുവരി 14.